പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *632 — 12-07-2012 ൽ മറുപടിക്ക്

## കെ.എസ്. ഐ.ഡി.സി. യുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ. ജയചന്ദ്രൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എന്തെല്ലാം പുതിയ പദ്ധതികളിൽ കെ.എസ്.ഐ.ഡി.സി. പങ്കാളിത്തത്തിന് ഉദ്ദേശിക്കുന്നു വെന്ന് വ്യക്തമാക്കുമോ. | (എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി) പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്.<br><br>എമർജിംഗ് കേരള 2012, സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ, കൊച്ചിയിലെ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, ചവറയിലെ ടൈറ്റാനിയം സ്പോഞ്ച് പ്രോജക്ട്, തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക്, നാദാപുരത്തെ മെഡിസിനൽ ഹെൽത്ത് കെയർ പാർക്ക്, ഓർഗാനിക് ഇൻഡസ്ട്രിയൽ പാർക്ക്, സീപ്ലെയിൻ പദ്ധതി, മറൈൻ ബയോടെക്നോളജി പാർക്ക്, പ്രിന്റഡ് ഇലക്ട്രോണിക്സ് ഹബ്ബ്, കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോൺ പദ്ധതി, കൊച്ചിയിലെ പെട്രോളിയം, കെമിക്കൽസ് & പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ പദ്ധതി, ചീമേനിയിലെ വൈദ്യുതിനിലയം, കൊച്ചിയിലെ ഓഷ്യനേറിയം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി കെ.എസ്.ഐ.ഡി.സി. മുൻകൈ എടുത്തു വരുന്നു. |

ഗെയിൽ ഇന്ത്യയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസുമായി ചേർന്നുള്ള കെ.എസ്.ഐ.ഡി.സി.യുടെ സംയുക്ത സംരംഭമായ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

ഇതുകൂടാതെ സംസ്ഥാനത്ത് ഇരുമ്പ് അയിര് ഖനനവും, ഉരുക്കു നിർമ്മാണശാലയും സ്ഥാപിക്കുന്നത് സംബന്ധിച്ച സാധ്യതകൾ ആരായുന്നതിനുവേണ്ടി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കെ.ഐ.ഒ.സി.എല്ലുമായും, സംസ്ഥാനത്തെ അടിസ്ഥാന സൗകര്യവികസനത്തിന് വായ്പ അനുവദിക്കുന്നതിനും വിതരണം ചെയ്യുന്നതിനുവേണ്ടി ഹഡ്കോയുമായും കെ.എസ്.ഐ.ഡി.സി. ധാരാണാ പത്രങ്ങളിൽ ഒപ്പുവെച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്. ഐ.ഡി.സി പങ്കാളിത്തത്തോടെ ഉല്പാദന മേഖലയിൽ നിലവിൽ വന്ന വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടി ഉല്പാദന മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

* 632

# അനുബന്ധം.

1. കൊച്ചിൻ ഹാൽമാർക്ക് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ (Expansion)
2. യൂറോടെക് മറൈൻ അക്കാഡമി പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം (Expansion)
3. എക്സൽ ഗ്ലാസസ് ലിമിറ്റഡ്, ആലപ്പുഴ (Revival)
4. ഗ്ലാസ്സ് & ഗ്ലെയിസിങ്ങ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം (Expansion)
5. ഹിബ്രോൺ അക്വാ ഫുഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം
6. കൽക്കി കമ്മ്യൂണിക്കേഷൻസ്, എറണാകുളം (Expansion)
7. കേര മാത് വാല പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ (Expansion)
8. രേവ പ്രോട്ടീൻസ് ലിമിറ്റഡ്, എറണാകുളം
9. സ്പൈസ് റൂട്ട് വെൻച്വയേഴ്സ് ലിമിറ്റഡ്, തിരുവനന്തപുരം
10. സൺ പവർ സിമെന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്
11. സൈബർ പ്രിസം ലിമിറ്റഡ്, എറണാകുളം (Expansion)
12. ആബാദ് ഹോട്ടൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം (Expansion)
13. ബി3 എക്യുപ്മെന്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ
14. ജിയോ അക്വാട്ടിക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ
15. ഹോട്ടൽടെൽക്ക് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം
16. പ്രൊഫൈൽ പാക്സ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ (Expansion)
17. ടൈറ ഫുഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പത്തനംതിട്ട